അവശസമുദായവും കത്തകപ്പാട്ടവും.

4. MR. T. T. KESAVAN SASTRI : അവശസമുദായക്കാക്ക കത്തകപ്പാട്ടത്തിനനുവദിച്ചു് ഉത്തരവായ പത്തനംതിട്ട താലൂക്കിൽ, മല്ലപ്പുഴശ്ശേരി പകുതിയിൽ സർവ്വേ വൺ/വൺ ബിയിൽ പെട്ട രണ്ടേക്കർ എൺപത്തിയഞ്ചു സെൻറു സ്ഥലം തിരിച്ചു ലഭിക്കാത്തതിൽ ഗവണ്മെൻറു സഹായം ആവശ്യപ്പെട്ടുകൊണ്ടു് സങ്കടം അറിയിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയെന്നും പറയാൻ ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : ഉണ്ടു്. കൈവശക്കാരെ കുടിക്കുവാൻ ഉത്തരവു കൊടുത്തിട്ടുണ്ടു്.

സ്റ്റേറു ട്രാൻസ്പോർട്ടു ഷട്ടിൽ സർവ്വീസു്.

5. MR. T. T. KESAVAN SASTRI : തിരുവല്ലായിൽനിന്നും കോഴഞ്ചേരിക്കു സ്റ്റേറു ട്രാൻസ്പോർട്ടു വക ഷട്ടിൽ സർവ്വീസു് ആരംഭിക്കാൻ ആലോചനയുണ്ടോ എന്നും, ഉണ്ടെങ്കിൽ അതു് എന്നത്തേക്കു നടപ്പിൽ വരാനിടയുണ്ടെന്നും പറയാൻ ദയവുണ്ടാകുമോ ?

HON'BLE MR. A. ATCHUTHAN : പുതിയ റൂട്ടു് തുടങ്ങാൻ ഉദ്ദേശിക്കുമ്പോൾ ആ ലൈനിലും സർവീസു തുടങ്ങുന്ന കാര്യത്തെക്കുറിച്ചു് ആലോചിക്കുന്നതാണു്.

MR. T. T. KESAVAN SASTRI : ഇപ്പോൾ ആ ലൈനിൽ എത്ര പ്രൈവറ്റു് ബസ്സു് ഓടുന്നുണ്ടെന്നറിയാമോ ?

HON'BLE MR. A. ATCHUTHAN : I Claim notice.

MR. T. T. KESAVAN SASTRI : പ്രൈവറ്റു ബസ്സുകൾ ഓടിക്കാൻ അനുവദിക്കണമെന്നു് മാനേജ്മെൻറുകാർ അപേക്ഷിച്ചിട്ടുള്ളതായി അറിയാമോ ?

HON'BLE MR. A. ATCHUTHAN : I Claim notice.

MR. K. A. MATHEW (*Thiruvalla IV—General*) : അവിടെ ഒരു സർവീസു് മാത്രമേ ഉള്ളു എന്നും കൂടുതൽ ലൈൻ അനുവദിച്ചാൽ അവിടെയുള്ള ഇപ്പോഴുള്ള സർവീസുകൾക്കു് കൂടുതൽ യാത്രാസൌകര്യങ്ങൾ ഉണ്ടാകുമെന്നും അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. ATCHUTHAN : ഇപ്പോൾ എത്ര ബസ്സുകൾ ഓടുന്നുവെന്നു പറയാൻ നിവൃത്തിയില്ല. ആവശ്യമെന്നു തോന്നുന്ന പക്ഷം കൂടുതൽ ബസ്സുകൾ ഓടാൻ അനുവദിക്കുന്നതാണ്.

MR. P. T. CHACKO *(Kottayam II—General)*: പുതിയ ബസ്സുകൾ ഓടിക്കാനുള്ള അപേക്ഷകൾ വരുകയാണെങ്കിൽ അനുവദിക്കുമോ ?

HON'BLE MR. A. ATCHUTHAN : അങ്ങനെ വരുന്ന സമയത്ത് ആലോചിക്കുന്നതാണ്.

MR. P. M. VARGHESE : അവിടെ ഇപ്പോൾ ബസ്സ് സർവീസ്സ് ഉണ്ടോ ?

HON'BLE MR. A. ATCHUTHAN : അറിവില്ല.

MR. U. K. VASUDEVAN ASARI *(Kottayam III—Kammala)*: അവിടെ മുമ്പ് ഒരു കമ്പനിക്കാർ ബസ്സ് സർവീസ് നടത്തുകയും അവർ ഇപ്പോൾ നടത്താതിരിക്കുകയും ചെയ്യുന്നതായിട്ടറിയാമോ ?

HON'BLE MR. A. ATCHUTHAN : അറിവില്ല.

MR. ABDUL AZIZ *(Trivandrum I—Muslim)*: പുതിയ റൂട്ട് തുടങ്ങാൻ പോകയാണെന്നു പറയുവല്ലോ. അതു് എപ്പോഴാണെന്നു പറയാമോ ?

HON'BLE MR. A. ATCHUTHAN : കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

State Transport.

6. MR. G. NILAKANTAN *(Quilon III—Kammala)*: Will the Honourable Minister for Transport be pleased to state :

(*a*) the daily wage rates paid to artisan workmen employed in the State Transport Deprartment; and

(*b*) whether the Government are aware that the artisans employed in private firms like Messrs. Harrisons and Crosfield Ltd., are raised to the position of foremen and engineers according to their efficiency and service in disregard of their educational qualifications ?

HON'BLE MR. A. ATCHUTHAN : (എ) ഫ ക്ലാസ് ഫ ര ചക്രം മുതൽ ഡ ക്ലാസ് ഡ ഫ ചക്രം വരെയാണ് ഇപ്പോഴുള്ള കൂലി നിരക്ക്.

(ബി) ഗവണ്മെൻറിന് അതേപ്പറ്റി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly